# SCHOOL ACADEMIC MASTER PLAN






Prepared By :
**staff**
**AMLPS KODAKKAD**
www.amlpskodakkad@gmail.com

# ആമുഖം

ഇന്നത്തെ വിദ്യാർത്ഥികളാണ്
നാളത്തെ പൗരന്മാർ ഒരു
രാഷ്ട്രത്തിന്റെ ഭാവിപൗരന്മാരെ
വാർത്തെടുക്കുന്ന  ഓരോ
വിദ്യാലയവും എല്ലാ അർത്ഥത്തിലും
പരിപൂർണ്ണമായിരിക്കും ഏറ്റവും
പ്രധാനം പഠനാന്തരീക്ഷം
തന്നെയാണ്. നല്ല ഭൗതിക
സാഹചര്യങ്ങളും ,കഴിവും അർപ്പണ
മനോഭാവവുമുള്ള അധ്യാപകരും,
മികച്ച അന്തരീക്ഷവും, സമഗ്ര
പുരോഗതിക്ക് ഉതകുന്ന ബോധന
തന്ത്രവു ,പഠനോപാധികളും,
കുട്ടികളുടെ പഠനകാര്യത്തിൽ
സജീവമായി പൂർണ്ണ പിന്തുണ
നൽകുന്ന രക്ഷിതാക്കളും
ചേർന്നാൽ ഏതൊരു വിദ്യാലയവും
ഉന്നതിയിലേക്ക് എത്തുമെന്ന കാര്യം
തർക്കമെറ്റതാണ്..

# വിദ്യാലയ ചരിത്രം

സ്വാതന്ത്ര്യലബ്ധിക്കു മുമ്പ്1935 ലാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്ആ.ദ്യകാലത്ത് ചക്കാലക്കുന്നൻ കുഞ്ഞഹമ്മദ് കുട്ടി മുസ്ലിയാർ തുടങ്ങിയ ഏകാംഗ വിദ്യാലയം ആയിരുന്നു ഈ സ്ഥാപനം.സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണ് അന്നും ഇന്നും ഈ പ്രദേശത്ത് കൂടുതലുള്ളത്. വിദ്യാഭ്യാസം ലഭിക്കുവാനുള്ള ജനങ്ങളുടെ താല്പര്യം കണക്കിലെടുത്ത് സ്കൂൾ ഏറ്റെടുത്ത് നടത്തുവാൻ തെക്കേതിൽ അച്യുതൻ നായർ എന്ന മഹത് വ്യക്തി മുന്നോട്ടുവരികയും എ എം എൽ പി സ്കൂൾ എന്ന പേരിൽ 109 കുട്ടികളുമായി 1935ൽ ഒരു ഓല ഷെഡ്ഡിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ഇന്ന് അഞ്ചു ക്ലാസുകളിലായി 97 കുട്ടികളും 6 അധ്യാപകരും ഇവിടെയുണ്ട്. മറ്റു പൊതു വിദ്യാലയങ്ങളെയും പോലെ കാലത്തിന്റെ മുറിവുകൾ ഈ വിദ്യാലയത്തെയും ബാധിച്ചിട്ടുണ്ട് എന്നാൽ അടുത്തകാലത്തായി ഉണ്ടായ ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തലിന്റെ ഭാഗമായി ഈ വിദ്യാലയം മെല്ലെ ഉന്നതിയിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്നു.

**2023**ജൂൺ മാസം മുതൽ തുടങ്ങിയ പ്രീ പ്രൈമറിയിൽ ഇപ്പോൾ **49** കുട്ടികളും ,രണ്ട് അധ്യാപകരും ഉണ്ട്

## **2025-2026**-ൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾ

## പേര്:എന്റെ മലയാളം.

### ലക്ഷ്യം:

എല്ലാകുട്ടികൾക്കും ഭാഷ തെറ്റുകൾ ഇല്ലാതെ കൈകാര്യം ചെയ്യുവാനുള്ള കഴിവ് നേടുക.

## ചുമതല

അധ്യാപകർ,രക്ഷിതാക്കൾ

## പ്രവർത്തനരീതി

ജൂൺ മാസത്തിൽ തന്നെ പ്രീ ടെസ്റ്റ് നടത്തി പഠനനിലവാരം കണ്ടെത്തുകയും കുട്ടികളെ ഗ്രൂപ്പുകൾ ആക്കി തിരിക്കുകയും ഓരോ ഗ്രൂപ്പിന്റെയും ചുമതല ഗ്രൂപ്പ് ലീഡർമാർക്ക് നൽകുകയും ചെയ്യുന്നു എല്ലാ ദിവസവും ക്ലാസ് തുടങ്ങുന്നതിനുമുമ്പേ അല്ലെങ്കിൽ ഉച്ചയ്ക്ക് ഇടവേള സമയത്ത് ഇവർക്ക് ക്ലാസെടുക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്താനും സഹായിക്കുവാനും ഗ്രൂപ്പ് ലീഡർമാരെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു..

മാസംതോറും ഇവർക്ക്പരീക്ഷകൾ നടത്തി മാറ്റം വിലയിരുത്തുന്നു ഉയർന്ന നിലവാരം കൈവരിച്ചവരെ ഗ്രൂപ്പ് മാറ്റുകയും ചെയ്യുന്നു ഈ പ്രവർത്തനങ്ങളിൽ വായന ലേഖനം സർഗാത്മകത എന്നിവ വളർത്തിയെടുക്കാൻ കഴിയും എന്ന് മുൻകാല അനുഭവങ്ങളിലൂടെ വിലയിരുത്തപ്പെട്ടിട്ടുണ്ട്.

## സ്പോക്കൺ ഇംഗ്ലീഷ്.

ലക്ഷ്യം:

ഇംഗ്ലീഷ് സംസാരിക്കുന്നതിന് പരിശീലനം നൽകുന്നു..

## ചുമതല

അധ്യാപകർ ,രക്ഷിതാക്കൾ

## പ്രവർത്തനം

ആഗസ്റ്റ് മാസം മുതൽ എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷമുള്ള ഒരു പിരിയഡിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് എടുക്കുന്നു1,2, 3,4 ക്ലാസുകളിൽ ഈ പ്രവർത്തനം നടത്തുന്നു ഇതിനായി ഓരോ ക്ലാസുകളിലും ആവശ്യമായ മൊഡ്യൂൾ തയ്യാറാക്കുകയും മാസത്തിൽ പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു.

## രക്ഷിതാവിനോട്

കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ,ലഹരിക്കെതിരെയുള്ള ബോധവൽക്കരണം,നല്ല രക്ഷിതാവ്,തൊഴിൽ പരിശീലനം,ചിത്രകല....തുടങ്ങിയ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്ക് ക്ലാസുകൾ സംഘടിപ്പിക്കുന്നു. രക്ഷിതാക്കൾക്ക് ബോധവൽക്കരണവും നല്ല രക്ഷാകർതൃ ബന്ധവുമാണ് ലക്ഷ്യം.

## പച്ചക്കറിത്തോട്ടം

### ലക്ഷ്യം:

കുട്ടികളിൽകാർഷിക അഭിരുചി വളർത്തൽ,രാസവളം ചേർക്കാത്ത വിളകൾ,രാസകീടനാശിനികളുടെ വിപത്തുകളെ കുറിച്ചുള്ള അവബോധവും,ജൈവ കീടനാശിനി,ജൈവവളം ,വിഷ രഹിത പച്ചക്കറി എന്ന വലിയൊരു ആശയം കുട്ടികളിൽ വളർത്തുക എന്നിവയാണ് ലക്ഷ്യം

## ചുമതല

കുട്ടികൾ ,അധ്യാപകർ

## പ്രവർത്തനം

കുട്ടികളിൽകാർഷിക അഭിരുചി വളർത്തുന്നതിനായി ലഭ്യമായ സ്ഥലത്ത് പച്ചക്കറി കൃഷിനടത്തൽ പരിശീലനം

## പല പല ഗ്രാമങ്ങൾ

## ലക്ഷ്യം

പാഠഭാഗവുമായി ബന്ധപ്പെട്ടബന്ധപ്പെട്ട് വരുന്ന പ്രദേശങ്ങൾ സ്ഥാപനങ്ങൾ എന്നിവ സന്ദർശിക്കൽ

## ചുമതല

അധ്യാപകർ,കുട്ടികൾ,രക്ഷിതാക്കൾ

## പ്രവർത്തനം

ഓരോ മാസവും പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സ്ഥാപനങ്ങൾ സന്ദർശനം...
വെള്ളിനേഴി കലാഗ്രാമം , പോസ്റ്റ് ഓഫീസ് ,ലൈബ്രറി സന്ദർശനം, പാടശേഖര കമ്മിറ്റി പ്രവർത്തകർ അഭിമുഖം എന്നിവ...

THANKS

# AMLP SCHOOL KODAKKAD

2025-2026